## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **02-02-2023 - ൽ മറുപടിയ്ക്ക്**

## കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച ഫയൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.പി.വി.-ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും, അതു പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി-യ്ക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം പ്രസ്തുത ആശുപതിയുടെ നിർമ്മാണത്തിനായി ശിപാർശ ചെയ്ത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അവലോകനം കിഫ്ബിയിൽ നടത്തുകയും ഡിസൈൻ അപാകതകൾ പരിഹരിക്കുന്നതിനായി പ്രാഥമിക ഡിസൈൻ അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്കു നൽകുകയും ചെയ്തിരുന്നു.<br><br>കിഫ്ബി ഡിസൈൻ അവലോകന വിഭാഗം നിർദ്ദേശിച്ചിരുന്ന അപാകതകൾക്ക് മറുപടിയായി തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ല എന്നു കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള "ഗൃഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും, പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.-യോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഹൗസിംഗ് ബോർഡ് 30/03/2022-ൽ ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങളുടെ മറുപടിയും അനുബന്ധ വിവരങ്ങളും ലഭ്യമാക്കാത്തതിനാൽ അകാര്യം ശ്രദ്ധയിൽപ്പെടുത്തി ഡിസൈൻ റിവ്യൂ പ്രക്രിയ അന്തിമമാക്കാൻ വേണ്ടി നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് കിഫ്ബി ഹൗസിംഗ് ബോർഡിനു 6/7/2022-നു നൽകിയിരുന്നു. എന്നാൽ ഇതുപ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | പുതുക്കിയ സർവ്വീസ് ഡ്രോയിംഗുകളും സ്ട്രക്ച്ചറൽ ഡ്രോയിംഗുകളും അനാലിസിസ് മോഡലും 31/10/2022 ന മാത്രമാണ് ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചത്. പ്രസ്തുത മറുപടിയിലും സാരമായ അപാകതകൾ കണ്ടതിനാൽ പുതുക്കിയ മറുപടി നൽകാൻ ഹൗസിംഗ് ബോർഡിനോടു ആവശ്യപ്പെടുകയും ഡിസൈൻ അവലോകന പ്രക്രിയയിൽ ഇനിയും കാലതാമസം നേരിടാതിരിക്കാനായി കിഫ്ബിയിലെ ഡിസൈൻ അവലോകന വിഭാഗം ഹൗസിംഗ് ബോർഡുമായി ഡിസൈൻ വർക്ക്ഷോപ്പ് 12/12/2022 -ൽ നടത്തുകയും ആവശ്യമായ നിർദ്ദേശ്ശങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ തൃപ്തികരമായ മറുപടി നാളിതു വരെ ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.<br><br>ഇതു കൂടാതെ "ഗൃഹ" മാനദണ്ഡങ്ങൾ പാലിക്കുന്നതു സംബന്ധിച്ചുള്ള രേഖകൾ ഒന്നും തന്നെ ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) | ഈ പദ്ധതി പ്രഖ്യാപിച്ച് ഏഴുവർഷം ആയെങ്കിലും ഇതുവരെയും എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് വളരെയധികം കെടുകാര്യസ്ഥതയുള്ള സംഗതി ആയതിനാൽ എസ്.പി.വി. (സ്പെഷ്യൽ പർപസ് വെഹിക്കിൽ) ആയി നിശ്ചയിച്ചിരിക്കുന്ന ഹൗസിംഗ് ബോർഡിനെ മാറ്റി മറ്റൊരു ഏജൻസിയെ എസ്.പി.വി. ആയി നിശ്ചയിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ധനകാര്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | കിഫ്ബി പദ്ധതികളുടെ പദ്ധതി നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. |
| (സി) | ഇപ്പോൾ ഈ പദ്ധതിക്ക് ഉണ്ടായിരിക്കുന്ന പ്രതിസന്ധി എന്താണെന്ന് വിശദമാക്കുമോ; ഈ പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നും കിഫ്ബി ബോർഡ് അംഗീകാരം ഈ പദ്ധതിക്ക് എന്ന് ലഭിക്കുമെന്നും വ്യക്തമാക്കുമോ; | (സി) | ഹൗസിംഗ് ബോർഡ് പുതുക്കിയ സ്ട്രക്ച്ചറൽ ഡ്രോയിംഗും അനുബന്ധ വിവരങ്ങളും "ഗൃഹ" മാനദണ്ഡപ്രകാരമുള്ള രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ഡി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ? | (ഡി) | ഹൗസിംഗ് ബോർഡ് പുതുക്കിയ സ്ട്രക്ച്ചറൽ ഡ്രോയിംഗും അനുബന്ധ വിവരങ്ങളും "ഗൃഹ" മാനദണ്ഡപ്രകാരമുള്ള രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ